# പാത്രങ്ങൾ കുറവായിരിക്കരുത്

## 2 രാജക്കന്മാർ 4:3

**"ആകയാൽ അതിനു അവൻ; നീ ചെന്നു നിന്റെ അയൽക്കാരോടൊക്കെയും വെറുമ്പാത്രങ്ങൾ വായ്പ വാങ്ങുക; പാത്രങ്ങൾ കുറവായിരിക്കരുത്."**

ജീവിതത്തിൽ അനുഗ്രഹങ്ങൾക്കായി ആഗ്രഹിക്കയും, പ്രാർത്ഥിക്കയും ചെയ്യുന്നവരാണ് നമ്മളെല്ലാവരും. അനുഗ്രഹപൂർണ്ണമായ ഒരു ജീവിതം ദൈവദാനമാണ്. ദൈവം അനുഗ്രഹങ്ങൾ നമുക്ക് വാഗ്ദത്തം ചെയ്തതാണ്, അവൻ വാക്കു മാറാത്തവനാണ്.

2 രാജാക്കന്മാരുടെ പുസ്തകം 4–ാം അദ്ധ്യായത്തിൽ 1–7 വാക്യങ്ങളിൽക്കൂടി കടന്നു പോകുമ്പോൾ അവിടെ നമ്മൾ വിധവയായ ഒരു സ്ത്രീയെ കാണുന്നു. യഹോവ ഭക്തനായ, പ്രവാചക ശിഷ്യനായ അവളുടെ ഭർത്താവ് മരിച്ചുപോയി. ഇപ്പോൾ അവൾ കടക്കെണിയിലാണ്. അതും പോരാഞ്ഞിട്ട് കടക്കാർ അവളുടെ മക്കളെ അടിമകളായി കൊണ്ടുപോകാൻ വന്നിരിക്കുന്നു. എത്ര ശോചനീയമായ അവസ്ഥയിലാണ് ഈ സ്ത്രീ എന്ന് നമുക്ക് കാണാൻ സാധിക്കും.

ഇവിടെ പ്രവാചകൻ രണ്ട് ചോദ്യമാണ് ചോദിക്കുന്നത്. "ഞാൻ നിനക്കുവേണ്ടി എന്തു ചെയ്യേണം? നിനക്ക് വീട്ടിൽ എന്തുണ്ട്?" ദൈവസന്നിധിയിൽ കണ്ണുനീരോടെ ചെല്ലുന്ന നമ്മളോടും ദൈവം ചോദിക്കുന്ന ചോദ്യമാണിത്. നമ്മുടെ ഒന്നുമില്ലായ്മയെ, ബലഹീനതയെ ദൈവസന്നിധിയിൽ സമർപ്പിച്ചു കൊടുത്താൽ അതിനെ ദൈവം അനുഗ്രഹമാക്കി മാറ്റും. എന്നാൽ അവിടെ വെറുതെയല്ല അനുഗഹ്രം ലഭിക്കുന്നത്. അതിനുവേണ്ടി ഒരു പ്രയത്നം ആവശ്യമാണ്. അയൽക്കാരുടെ അടുത്തുപോയി വെറുമ്പാത്രങ്ങളെ മേടിക്കണം. ഒന്നും രണ്ടുമല്ല, പാത്രങ്ങൾ കുറവായിരിക്കരുത്. വീട്ടിലുള്ള പാത്രങ്ങൾ മാത്രം എടുക്കാനല്ല പ്രവാചകൻ പറഞ്ഞത്. "നിന്റെ വിശ്വാസത്തെ നീ പങ്കിട്ടുകൊടുത്തുകൊണ്ട് മറ്റുള്ളവരിൽ നിന്നും പാത്രങ്ങൾ വായ്പ വാങ്ങുക." നമ്മുടെ വിശ്വാസം എത്രത്തോളം നമ്മൾ പങ്കിടുന്നോ അത്രത്തോളം അനുഗ്രഹം നമുക്കായി ഒരുക്കിയിട്ടുണ്ട്. പിന്നെ എന്താണ് ചെയ്യേണ്ടത്. അകത്തുകയറി വാതിലടച്ച് പാത്രങ്ങളിലൊക്കെയും പകർന്ന്, നിറഞ്ഞത് നിറഞ്ഞത് ഒരു ഭാഗത്തേക്ക് മാറ്റിവയ്ക്കുക. നമ്മുടെ വാക്കുകൊണ്ട് നമ്മൾ പങ്കിട്ടുകൊടുത്ത വിശ്വാസം പ്രവൃത്തിയിൽ കാണണമെങ്കിൽ നമ്മൾ അകത്തുകയറി വാതിലടച്ച് ദൈവസന്നിധിയിൽ നമ്മുടെ ബലഹീനതയെ സമർപ്പിച്ച് വിശ്വാസത്തോടെ പകരണം. നമ്മുടെ വിശ്വാസം

പൂർണ്ണമാകുന്നത് അവിടെയാണ്. ആ വിശ്വാസത്തെ ദൈവം മാനിക്കുകതന്നെ ചെയ്യും. വിശ്വാസത്തോടെ ദൈവസന്നിധിയിൽ നമ്മുടെ ഹൃദയങ്ങളെ പകർന്നുകൊണ്ട് നമ്മളാകുന്ന വെറുമ്പാത്രത്തെ കർത്താവിന്റെ സന്നിധിയിൽ വെക്കാമെങ്കിൽ അതിനെ നിറക്കുവാൻ നമ്മുടെ കർത്താവ് മതിയായവനാണ്. നമ്മൾ പാത്രം വെച്ചുകൊടുക്കുന്നെടത്തോളം ആ എണ്ണയുടെ ഒഴുക്ക് കാണും. എപ്പോൾ നമ്മുടെ പാത്രം കർത്താവിന്റെ മുമ്പിൽ നിന്നു മാറ്റുന്നുവോ അപ്പോൾ എണ്ണയുടെ ഒഴുക്കും നിൽക്കും. ദൈവത്തിന്റെ അനുഗ്രഹങ്ങൾ നിൽക്കാതെ ഒഴുകിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പാത്രങ്ങളെ ഒരുക്കി അത് പകരപ്പെടാൻ സജ്ജമാക്കി, അകത്തുകയറി വാതിലടച്ച് ഓരോരോ പാത്രങ്ങൾ നിറച്ച് നമുക്ക് മുന്നോട്ടു പോകാം. അതിനായി ദൈവസന്നിധിയിൽ നമുക്ക് സമർപ്പണത്തോടുകൂടെ ആയിരിക്കാം. ദൈവം നമ്മളെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

സങ്കീർത്തനം 10:18

യഹോവേ, നീ സാധുക്കളുടെ അപേക്ഷ കേട്ടിരിക്കുന്നു; അവരുടെ ഹൃദയത്തെ നീ ഉറപ്പിക്കയും നിന്റെ ചെവി ചായിച്ചു കേൾക്കയും ചെയ്യുന്നു.

2 ദിനവൃത്താന്തം 16:9

യഹോവയുടെ കണ്ണു തങ്കൽ ഏകാഗ്രചിത്തന്മാർ ആയിരിക്കുന്നവർക്കു വേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന്നു ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു; ഇതിൽ നീ ഭോഷത്വം പ്രവർത്തിച്ചിരിക്കുന്നു; ഇനി നിനക്കു യുദ്ധങ്ങൾ ഉണ്ടാകും.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 016**